ഫാ. പോൾ തീമ്പലങ്ങാട്ട്!

paulchacko@gmail.com

പോൾ ചാക്കോ തീമ്പലങ്ങാട്ട്

****

“താമസ്സവും ഭക്ഷണവും പഠിപ്പും എല്ലാം സഭ വഹിക്കും. പ്രാഗത്ഭ്യം ഉള്ളവർക്ക് വിദേശത്തും പോകാം. നിങ്ങൾ ഒന്നും അറിയണ്ട. എല്ലാം സഭ വഹിക്കും. ഹൈസ്കൂൾ പാസ്സായാ മാത്രം മതി”

മാങ്കഴ അച്ചൻ പറഞ്ഞു നിറുത്തി. ‘സഭ വഹിക്കും’ എന്ന് രണ്ടു തവണ അച്ചൻ പറയണമെങ്കിൽ അത് സത്യമായിരിക്കണം. അന്നും ഇന്നും അതിന് യാതൊരു മാറ്റോം ഇല്ലല്ലോ.

ഫാ. സൈമൺ മാമ്പുഴ! അതാണ് അച്ചന്റെ ശരിക്കുള്ള പേര്. ഞങ്ങൾ സ്കൂൾ കുട്ടികൾ ഓമനിച്ചു വിളിക്കുന്ന പേരാണ് മാങ്കഴ. അച്ചൻ സത്സ്വഭാവിയാണെങ്കിലും ആസ്ഥാനത്ത് കേറി ഓരോ പൂശുണ്ട് ഞങ്ങൾ പിള്ളേർക്കിട്ട്. അതിൽ മനം നൊന്താവും ഗോവേന്ത സ്കൂളിലെ കുട്ടികൾ അങ്ങേർക്കാ പേരിട്ടത്. ഞാൻ കറിക്കാട്ടൂർ സ്കൂളിൽ പഠിക്കാൻ വരുന്നതിന് മുൻപേ വീണ പേര്. ഞാനായിട്ട് അത് മാറ്റാൻ ശ്രമിച്ചാ മാറ്റുമോ? തന്നെയുമല്ല ചരിത്രം തിരുത്തിയെഴുതാൻ ഞാനാരാ ഈ.കെ. നായനാരോ?

കോട്ടയം മാങ്ങാനത്തുള്ള വിശുദ്ധ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ സഭയാണ് CMI. അവിടെയുള്ള സെമിനാരീൽ വൈദിക വിദ്യാർഥികളെ വല വീശി പിടിക്കാനുള്ള ദൌത്യവുമായി ഇറങ്ങിയതാണ് മാങ്കഴ അച്ചനും മാങ്ങാനത്തു നിന്നും വന്ന മറ്റേ അച്ചനും (പേര് മറന്നു).

കൂടുതലൊന്നും കേൾക്കാൻ ഞാൻ നിന്നില്ല. സൌജന്യ ഭക്ഷണം! വിദേശ യാത്ര! ഒരു പതിനഞ്ചുകാരന്റെ ഹാലിളകാൻ ഇതൊക്കെ പോരെ? സെമിനാരീൽ ഓസ്സിൽ കിട്ടുന്ന പോത്തും കരിമീനും താറാവ് റോസ്റ്റും ഞാൻ ആ നിമിഷം മുതൽ സ്വപ്നം കണ്ടുതുടങ്ങി.

അവര് പറഞ്ഞിടത്തും പറയാത്തിടത്തും ഒക്കെ ഞാൻ കേറി ഒപ്പിട്ടു. ഇനി ഒപ്പിന്റെ കുറവ് കൊണ്ട് എന്റെ അഡ്മിഷൻ ശരിയാവാതിരിക്കരുത്.

വീട്ടിൽ പറഞ്ഞപ്പോ അച്ചാച്ചൻ നാലുകാലേൽ തുള്ളുമെന്നാ ഞാൻ കരുതിയത് പക്ഷെ എന്റെ പ്രതീക്ഷകളെ തകിടം മറിച്ചു കൊണ്ട് അദ്ദേഹം ഒന്ന് പുഞ്ചിരിച്ചു. ആക്കിയ ഒരു പുഞ്ചിരി! വളരെ കാലം കൂടി ഞാൻ കണ്ട പുഞ്ചിരി. ഇളയമകൻ ഒരു പുരോഹിതൻ ആകുന്നതിൽ ഏതപ്പനാ സന്തോഷം വരാത്തെ. ഒരു പക്ഷെ കാലക്രമേണ അച്ചൻ മൂത്ത് സഹായ മെത്രാൻ

ആയാലോ...പിന്നെ മെത്രാൻ...അവിടുന്നും മൂത്ത് കർദ്ദിനാൾ...ഒടുവിൽ വളർന്ന് വളർന്ന് പോപ്പ്. ഓർക്കുമ്പോ തന്നെ കുളിര് ദേഹാസ്സകലം. എനിക്കല്ല, എന്റെ അപ്പന്.

പത്താം ക്ലാസ് കഴിഞ്ഞാ പിറ്റേ ആഴ്ച മാങ്ങാനം കെ. ഈ കോളേജിനടുത്തുള്ള സെമിനാരിൽ ക്യാമ്പ്. നാല് ദിവസ്സം. ഏഴ് രൂപയാണ് ക്യാമ്പിലേക്കുള്ള ചെലവ് തുക. അത് സ്വരൂപിക്കാൻ അച്ചാച്ചൻ കുറെ പാട് പെട്ടു കാണും.

ചേട്ടൻ വറുഗീസാണ് എന്നെ മാങ്ങാനത്ത് എത്തിക്കാനുള്ള ഭാരിച്ച ദൌത്യം ഏറ്റെടുത്തത്. അച്ചന്മാരുടെ അടുത്ത് എന്നെ എങ്ങനെയും ഏൽപ്പിച്ചിട്ട് തിരിച്ചു പോകുന്നവഴി കോട്ടയം അനുപമയിൽ കേറി കമലാഹാസ്സന്റെ മദനോത്സവം കാണാനുള്ള തത്രപ്പാടിലായിരുന്നു അദ്ദേഹമെന്ന് വളരെ വൈകിയാണ് ഞാൻ മനസ്സിലാക്കിയത്. കുടുംബ ചിലവിൽ ഒന്ന് കറങ്ങാൻ കിട്ടിയ ചാൻസ്!

എഴുപതോളം അച്ചൻ കുഞ്ഞുങ്ങൾ! ഭക്തിസാന്ദ്രമായ അന്തരീക്ഷം! എല്ലാ സമയത്തും ദൈവസ്തുതിപ്പുകൾ! എങ്ങും മെഴുകുതിരികൾ കത്തുന്നതിന്റെ ഗന്ധം! വൃത്തിയുള്ള പരിസ്സരം! ഓരോരുത്തർക്കും ഓരോ കട്ടിൽ. ചേട്ടന്മാരുടെ ചവിട്ടും ഉന്തും തള്ളും സഹിച്ചു കിടന്നുറങ്ങി ശീലിച്ച എനിക്കത് സ്വർഗ്ഗമായിരുന്നു.

ഏഴ് മണിക്ക് അത്താഴം. ഇറച്ചിയും മീനും ഒക്കെ കൂട്ടി. ആവശ്യം പോലെ ചോറും. ഇനി ഇവിടങ്ങ് കൂടിയാലോ എന്നുവരെ ചിന്തിച്ചു തുടങ്ങി ഞാൻ.

വെളുപ്പിനെ അഞ്ചരക്ക് എല്ലാരും എഴുനേൽക്കണം. എഴുന്നേറ്റാൽ ഉടൻ പല്ല് പോലും തേക്കാത് ഉള്ള പ്രഭാത പ്രാർത്ഥനയാണ്.

അച്ചനാവാൻ വേണ്ടി എല്ലാം ത്യജിച്ച് വീടുവിട്ടിറങ്ങിയ എനിക്ക് അതൊന്നും ഒരു വിഷയമേ അല്ലായിരുന്നു. ഒരച്ചൻ ആവണം. കാണുമ്പോൾ എല്ലാം ഭക്തജനങ്ങൾ സ്തുതി ചൊല്ലണം. വഴി മാറിത്തരണം...കൈ കൂപ്പി ഈശോ മിഷിഹായ്ക്ക് സ്തുതി തരണം. വീടുകൾ തോറും കയറിയിറങ്ങുമ്പോൾ കസേരയിൽ വെള്ളമുണ്ട് വിരിച്ചിരുത്തണം. പഞ്ചസ്സാര ഇട്ട പാൽ തരണം. വിശ്വാസികൾ പാപങ്ങൾ ഏറ്റു പറയുന്നത് കേൾക്കാൻ എന്താവും ഒരു രസം...ഓരോ പാപികൾക്കും വ്യത്യസ്ഥങ്ങളായ പാപം ആവും പറയാനുള്ളത്.

ആദ്യത്തെ ദിവസ്സം ഞങ്ങൾ സി.എം.ഐ സഭയെപ്പറ്റി പഠിച്ചു. കുര്യാക്കോസ് ഏലിയാസ് അച്ചനെ പറ്റി പഠിച്ചു. അങ്ങേരുടെ ആദ്യത്തെ പ്രസ്സിനെപ്പറ്റി പഠിച്ചു. പരിസ്സര പ്രദേശം ഒക്കെ കറങ്ങിനടന്ന് കണ്ടു.

വെറുതെ ഇരിക്കുന്ന അവസ്സരങ്ങളിൽ ഞങ്ങൾ കാളരാഗത്തിൽ പാട്ടുകൾ പാടി...ശ്രുതിയും സംഗതിയും പല്ലവിയും ഒന്നുമില്ലാത്.

”പരിശുദ്ധാത്മാവേ നീ എഴുന്നെള്ളി വരണമേ....”

“വെളിച്ചം തരേണമേ...വെളിച്ചം തരേണമേ..”

“നിത്യ വിശുദ്ധയാം കന്യാമറിയമേ...”

“പൈതലാം യേശുവേ...”

കൂടെ ഉണ്ടായിരുന്ന അച്ചൻകുഞ്ഞുങ്ങൾ പലതരക്കാരായിരുന്നു. ഞങ്ങൾ പലതും പങ്ക് വച്ചു. ചിലരുമായി പെട്ടെന്ന് കൂട്ടായി. ചിലരെ ഒഴിവാക്കി. അവിടെയും ഉണ്ടായിരുന്നു പാവപ്പെട്ട അച്ചൻകുഞ്ഞുങ്ങളും ധനവാൻമാരായ അച്ചൻകുഞ്ഞുങ്ങളും. സെമിനാരി പൊളിറ്റിക്സ്!

ഒരു രാത്രി ഞങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ കരണ്ട് പോയി...എങ്ങും കട്ടപിടിച്ച ഇരുട്ട്. പരിപൂർണ്ണ നിശബ്ദത. മുട്ടുസൂചി താഴെ വീണാൽ അറിയാം.

മറ്റുള്ളവർക്ക് ഒരു മാതൃകയാകാൻ ഞാൻ തീരുമാനിച്ചു...ഞാൻ പാടി...

”വെളിച്ചം തരേണമേ...വെളിച്ചം തരേണമേ...”

കുറെ കുഞ്ഞാടുകൾ അത് കേട്ട് ആർത്ത് ചിരിച്ചു. വേറെ ചിലർ കൂടെ കൂടി. മറ്റുള്ളവർ ഒന്നും മിണ്ടാതെയിരുന്നു.

അവസരോചിതം എന്ന് കരുതി ഞാൻ പാടിയ പാട്ട് സെമിനാരിക്കാരെയും അച്ചന്മാരെയും അവരുടെ രീതികളെയും അവഹേളിക്കാൻ മനപ്പൂർവ്വം പാടിയതാണെന്ന് ചിലർ പറഞ്ഞു പരത്തിയെന്ന് പിറ്റേ ദിവസ്സം ഞാൻ അറിഞ്ഞു. പക്ഷെ അച്ചന്മാർ ആരും എന്നോടൊന്നും പറഞ്ഞുമില്ല, ചോദിച്ചുമില്ല.

നാല് ദിവസ്സത്തെ ക്യാമ്പ് കഴിഞ്ഞപ്പോൾ ചേട്ടൻ വറുഗീസ് എന്നെ കൂട്ടിക്കൊണ്ട് പോകാൻ എത്തി. തിരിച്ചു പോകുന്ന വഴി ഞങ്ങൾ കമലാഹാസ്സന്റെ “ഈറ്റ” കണ്ടു. ഷീലയുടെ മുറുക്കി ചുമന്നത് കണ്ടു. കൂടെ ഹോട്ടലിൽ കേറി മൃഷ്ടാന്നം ഊണും.

ഒന്നുരണ്ട് ആഴ്ചകൾ കഴിഞ്ഞിട്ടും അറിയിപ്പൊന്നും വന്നില്ല. എന്നെ എടുത്തോ എടുത്തില്ലിയോ എന്നറിയണമല്ലോ. എന്നിട്ട് വേണ്ടേ ബാക്കി കാര്യങ്ങൾക്ക് ഒരു കരട് പദ്ധതി തയ്യാറാക്കാൻ.

ഞാൻ ഞങ്ങടെ ഇടവക വികാരി ഫാ. ജോസഫ് ഇരിപ്പുങ്കൽ അച്ചനെ സമീപിച്ചു. കാര്യം പറഞ്ഞപ്പോഴേ അങ്ങേര് പറഞ്ഞു...

”നീ എന്നോടൊരു വാക്ക് പറഞ്ഞാ പോരാരുന്നോ...”

പോയ ബുദ്ധി ആന പിടിച്ചാ വരുമോ.

അങ്ങേരുടെ ഉപദേശപ്രകാരം ഞാൻ സി.എം.ഐ സഭക്ക് ഒരു കത്തെഴുതി...തീരുമാനം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട്. ഗാന്ധിജി ബ്രിട്ടീഷ് പാർലമെന്റിന് കത്തെഴുതിയ അതേ വികാരത്തിൽ.

ഒരാഴ്ചക്കകം അവർ തീരുമാനം അറിയിച്ചു...എനിക്കൊരു പുരോഹിതനാകാൻ വേണ്ടതിലധികം യോഗ്യത ഉണ്ടെന്നും എന്റെ കഴിവുകൾ സെമിനാരിയുടെ നാല് ചുവരുകൾക്കുള്ളിൽ തളച്ചിടാനുള്ളതല്ലെന്നും വേറെ എന്തെങ്കിലും ജീവിത മാർഗ്ഗങ്ങൾ സ്വീകരിക്കാനും ഉപദേശിച്ചു കൊണ്ടുള്ള കത്ത്.

ചുരുക്കി പറഞ്ഞാ 'മോഞ്ഞേ നിനക്ക് പറ്റിയ പണി വേറെയാ..." എന്ന് സാരം.

എനിക്ക് നിരാശ തോന്നിയില്ല. അച്ചാച്ചന് തോന്നിയോ എന്നറിയില്ല പക്ഷെ അമ്മച്ചി മൂക്കത്ത് വിരൽ വച്ച് അസ്തപ്രത്ജയായി കുറെ നേരം വാതിക്കൽ നിന്നു.

മകനൊരു അച്ചനാകാഞ്ഞതിലുള്ള ദുഃഖം ഞാൻ അമ്മച്ചിയുടെ മുഖത്ത് കണ്ടില്ല. പകരം "കർത്താവ് രക്ഷിച്ചു...ഇവനൊക്കെ അച്ചനായാൽ...!!!" എന്നൊരു ഭാവമായിരുന്നു അമ്മച്ചിയുടെ മുഖത്ത്.

സഫലമാകാത്ത ആഗ്രഹങ്ങൾ ഉള്ളിലൊതുക്കി ഞാൻ ഇപ്പഴും ജീവിക്കുന്നു...എന്നെങ്കിലും ആർക്കെങ്കിലും വേണ്ടി എനിക്കൊരു ഒപ്പീസ് എങ്കിലും ചൊല്ലാൻ പറ്റുമോ ദൈവമേ...!

നിങ്ങളുടെ സ്വന്തം ഫാ. പോൾ തീമ്പലങ്ങാട്ട്!